# അദ്ധ്യായം 5

ദൈവസിംഹാസനത്തിന് ചുറ്റുമുള്ള സ്വർഗ്ഗീയസദസ്സും അവിടെ നടക്കുന്ന സംഭവങ്ങളുമാണ് ഈ അദ്ധ്യായത്തിൽ വിവരിച്ചിരിക്കുന്നത്. ഇവിടെ യേശുക്രിസ്തു വീണ്ടെയുപ്പുകാരനായി പ്രത്യക്ഷപ്പെടുന്നതിനാൽ വീണ്ടെടുപ്പിനെക്കുറിച്ച് ഒന്ന് ചിന്തിക്കുക പ്രയോജനകരമായിരിക്കും. യേശുവ്നെ ഒഴിവാക്കിയിട്ട് എന്തു നന്മ പ്രവർത്തിചെയ്താലും ആ ജീവിതം ധന്യമാകുകയില്ല. അതായത് വീണ്ടെയുപ്പുകാരനില്ലാത്ത ജീവിതം അർത്ഥശൂന്യമാണ്.

വായിക്കുക (സങ്കീ: 49:7-9),മത്താ-(16:26)

**മനുഷ്യനെ എന്തുകൊണ്ട് വീണ്ടെടുക്കണം.**

സൃഷ്ടിപ്പ് നാളിൽ ദൈവം മനുഷ്യന് പൂർണ്ണ അധികാരം നൽകി (ഉല്പ :1:26) എന്നാൽ സാത്താന്റെ വാക്കുകൾ വിശ്വസിച്ച ഹവ്വ (ഉല്പ : 3:1,5)ദൈവം നൽകിയ മുന്നറിയിപ്പ് (ഉല്പ:2:17)അവഗണിച്ച് പ്രവർത്തിച്ചതിനാൽ ഇന്ന് മനുഷ്യനും അവനുള്ളതും സാത്താന്റെ അധീനതയിലായി.തെളിവ്- 1യോഹ (5:19), ലൂക്കോ (4:5-7)

**എന്താണ് വീണ്ടെടുപ്പ് ?**

ദൈവീക ചിന്തയിൽ നിന്നും ഉദ്ദേശത്തിൽ നിന്നും അകന്നുകൊണ്ടിരിക്കുന്ന മനുഷ്യവർഗ്ഗത്തെ വീണ്ടും ദൈവീക ഉദ്ദേശത്തിലേക്ക് കൊണ്ടുവരുന്നതാണ് വീണ്ടെടുപ്പ്.അതായത് കൈവിട്ടുപോയതിനെ കൈക്കലാക്കുക

(പഴയ നിയമകാലത്ത് ,മണവാട്ടിയായി രുത്തിനെയും അവൾക്കുള്ളതിനേയും

ബോവസ്സ് വീണ്ടെടുത്തത് എങ്ങനെ എന്ന് ഈ അവസരത്തിൽ മനസ്സിലാക്കുവാൻ

***വായിക്കുക. രൂത്ത് (4:1-10)***

നമ്മുടെ വീണ്ടെടുപ്പുകാരൻ ആര് ? വീണ്ടെടുപ്പു വില എന്ത്? എന്തുകൊണ്ടാണ് വീണ്ടെടുപ്പാൻ അവൻ യോഗ്യനായത് ?

**വായിക്കുക - റോമർ (3:24), പത്രോസ് 1:18,19 എബ്രായേൻ (2:14:15)**

പിതാവ് നമ്മേ സ്നേഹിച്ചതിനാൽ പുത്രനെ യാഗമാക്കുവാൻ തയ്യാറായി. മനുഷ്യവർഗ്ഗത്തിന് നഷ്ടമായത് , പാപരഹിത വിലയാൽ വീണ്ടെടുക്കുവാൻ പുത്രനും മനസ്സായിരുന്നു. വീണ്ടെടുപ്പു വിലയായി കാൽവറിയിൽ രക്തം ചീന്തി സ്വർഗ്ഗാരോഹണത്തിൽ വില പിതാവിനെ ഏല്പിച്ചു. (എബ്രാ. 9:16,17,24) മണവാനായ ക്രിസ്തു ,മണവാട്ടിയായ സഭയെമാത്രമല്ല , നഷ്ടപ്പെട്ട സകലതും വീണ്ടെടുക്കുവാനായി അവൻ വീണ്ടും വരും , ഇത് റജിസ്റ്റർ ഓഫീസിൽ നടക്കുന്ന ഇടപാടിനോട് സദൃശ്യമാണ്. നഷ്ടമായ ഭൂമി വീണ്ടെടുക്കുമ്പോൾ ആധാരം എഴുതി മുദ്രവയ്ക്കാറുണ്ട്. ഈ പ്രമാണം സിംഹാസനസ്ഥന്റെ കരങ്ങളിൽ നിന്നും പുത്രൻ (അറുക്കപ്പെട്ട കുഞ്ഞാട് ) വാങ്ങി മുദ്രകൾ ഓരോന്നായി ഭേദിക്കുന്നു.

ഈ മുദ്രകൾ പൊട്ടിപ്പാനുള്ള യോഗ്യതകൾ - വെളി: (5:5-7)

കുഞ്ഞാട് സിംഹാസനസ്ഥന്റെ വലതുകരത്തിൽ നിന്നും പുസ്തകം വാങ്ങിയത് സാക്ഷികൾ - 24 മൂപ്പൻമാരും , നാല് ജീവികളും

സാക്ഷികൾ എന്തുചെയ്തു - പുതിയ പാട്ടു പാടി

(വെളി-(5:9,10)

തുടർന്ന് യോഹന്നാൻ കേട്ടത് അനന്തകോടി സ്വർഗ്ഗീയ ദൂത ഗണങ്ങളുടെ ഗാനാലാപം - വെളിപാട് (5:11) മൂന്നാമതായി സകലപ്രപഞ്ചവാസികളും ഒരുമിച്ചുചേർന്ന് സിംഹാസനത്തിൽ ഇരിക്കുന്നവനും , കുഞ്ഞാടിനും മഹത്വം അർപ്പിക്കുന്നു.(വാക്യം 13) , സ്വർഗ്ഗവും ഭൂമിയും ഒരുമിച്ചു ചേർന്നുള്ള ഈ ഗാനമേള എത്ര മനോഹരവും ശ്രേഷ്ഠവുമാണ്.